# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3832 20/10/2016-ൽ മറുപടിയ്ക്ക്**

## കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ഉടൻ നൽകുന്നതാണ്. |
| ബി) പ്രസ്തുത ലക്ഷ്യം മുൻനിറുത്തി നടപ്പ സാമ്പത്തിക വർഷം എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; | ബി) പ്രസ്തുത ലക്ഷ്യത്തിനായി 25 കോടി രൂപ നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തുന്നതാണെന്ന് 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ടി തുക ഉപധനാഭ്യർത്ഥന മുഖേന ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) കടലാക്രമണത്തിനിരയായി താല്കാലികമായി മാറ്റി പാർപ്പിക്കപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | സി) ഉണ്ട്. കടലാക്രമണത്തിനിരയായി താല്ക്കാലികമായി മാറ്റി പാർപ്പിക്കപ്പെട്ടവർക്ക് മുൻഗണന നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ